# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/245/2017 2017 നവംബർ 20

## പത്രക്കുറിപ്പ്

### പ്രിൻസിപ്പൽമാരുടെ മീറ്റിംഗ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പൽമാരുടെയും യോഗം നവംബർ 23ന് രാവിലെ 10.30ന് സർവ്വകലാശാലാ അസംബ്ലിഹാളിൽ വച്ച് കൂടുന്നതാണ്. സർവ്വകലാശാലാ പരീക്ഷകൾക്ക് നടപ്പിലാക്കുന്ന ക്വസ്റ്റ്യൻബാങ്ക് സമ്പ്രദായം, അദ്ധ്യാപക പോർട്ടൽ, പി.ഡി. ഫണ്ട് തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്. എല്ലാ പ്രിൻസിപ്പൽമാരും യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

### അപേക്ഷാ തീയതി

ഒന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് (പുതിയ സ്കീം – 2016 അഡ്മിഷൻ റഗുലർ & പഴയ സ്കീം 2009 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഡിസംബർ 15 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

### മൂല്യനിർണ്ണയ ക്യാമ്പ്

2017ൽ നടന്ന രണ്ടും മൂന്നും അഞ്ചും സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസിന്റെ (സി.ബി.സി.എസ്.എസ്. യു.ജി.) മാത്തമാറ്റിക്സ് ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിന് ആലുവ സോണിൽ നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർ ഇന്ന് (നവംബർ 21) ക്യാമ്പിൽ ഹാജരാകേണ്ടതാണ്. ഹാജരാകാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

### ഇന്റേൺഷിപ്പ് വൈവാവോസി

2017 ഒക്ടോബർ/നവംബർ മാസങ്ങളിൽ നടന്ന നാലാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക്സ് മാനേജ്മെന്റ് ഡിഗ്രി പരീക്ഷയുടെ ഇന്റേണൺഷിപ്പ് വൈവാവോസി പരീക്ഷ നവംബർ 28, 29 തീയതികളിൽ എറണാകുളം സെന്റ് ആൽബർട്സ് കോളേജിലും മാറമ്പള്ളി എം.ഇ. എസ്.കോളേജിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2016 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്വർക്ക് ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 4 വരെ അപേക്ഷിക്കാം.

**<u>എം.ജി.യിൽ ത്രിദിന എറുഡൈറ്റ് പ്രഭാഷണ പരമ്പരയ്ക്ക് ഇന്ന് (നവംബർ 21) തുടക്കം</u>**

കേരളാ ഹയർ എജ്യൂക്കേഷൻ കൗൺസിലിന്റെയും മഹാത്മാഗാന്ധി സർവ്വകലാശാലാ നാനോ സയൻസ് & നാനോ ടെക്നോളജി പഠനകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ത്രിദിന എറുഡൈറ്റ് പ്രഭാഷണ പരമ്പര സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ഇന്ന് രാവിലെ 10ന് ആരംഭിക്കും. കാൻസർ ഗവേഷണ രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞ പട്രീഷ്യ ടെലാമസ് റോഹാന (സെന്റർ ഫോർ റിസർച്ച് ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഓഫ് ദി നാഷണൽ പോളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ട്, മെക്സിക്കോ) ഓവേറിയൻ കാൻസർ എന്ന വിഷയത്തിൽ പ്രഭാഷണങ്ങൾ നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**